I/125068/2023

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
(ഹാജർ : കെ ഗോപാലകൃഷ്ണൻ ഐ.എ.എസ്. പെൻ-731953)

വിഷയം: പിന്നാക്ക വിഭാഗ വികസനം - വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2023-24 - IELTS/TOEFL/OET/NCLEX പരിശീലന സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:

1. സ.ഉ.(സാധാ)നം.50/2023/പിവിവിവ തീയതി 03.06.2023
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 17.08.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 16.10.2023 തീയതിയിലെ BCDEKM/18/2023-A2 നമ്പർ കത്ത്.
4. പിന്നാക്ക വിഭാഗ വികസന വകുപ്പ് കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 26.10.2023 തീയതിയിലെ BCDKKD/68/2023-A1 നമ്പർ കത്ത്.
5. പിന്നാക്ക വിഭാഗ വികസന വകുപ്പ് കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 27.10.2023 തീയതിയിലെ BCDKLM/51/2023-A1 നമ്പർ കത്ത്.
6. പിന്നാക്ക വിഭാഗ വികസന വകുപ്പ് പാലക്കാട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 26.10.2023 തീയതിയിലെ ഇ-മെയിൽ സന്ദേശം

ഉത്തരവ് നം BCDIR/356/2023-A1 തീയതി :08-11-2023

സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട (OBC) നഴ്സിംഗ് പഠനം പൂർത്തീകരിച്ച് 2 വർഷം പൂർത്തിയായിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്കും, നഴ്സിംഗ് കോഴ്സ് നാലാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്കും IELTS/TOEFL/OET/NCLEX (International English Language Testing System/ Test of English as a Foreign Language/ Occupational English Test/ National Council Licensure Examination) തുടങ്ങിയ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സുകളുടെ പരിശീലനത്തിന് ധനസഹായം നൽകുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ഘടകപദ്ധതി രൂപീകരിച്ചും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയും പരാമർശം 1 പ്രകാരം ഭരണാനുമതി ലഭ്യമായിരുന്നു.

IELTS/TOEFL/OET/NCLEX എന്നീ പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ 2023-24 വർഷത്തെ ഗുണഭോക്തൃ നിർണയം നടത്തുന്നതിനായി പ്രസ്തുത മേഖലയിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുന്നതിന് പരാമർശം (2) പ്രകാരം താല്പര്യപത്രം ക്ഷണിച്ചിരുന്നു. അപ്രകാരം നിർദ്ദിഷ്ട മാതൃകയിൽ സമയബന്ധിതമായി ലഭ്യമാക്കിയിട്ടുള്ള അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തിയും ഫീൽഡുതല സന്ദർശനം നടത്തിയും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി വ്യവസ്ഥകൾ പ്രകാരം

അർഹമായ പരിശീലന സ്ഥാപനങ്ങളുടെ പട്ടിക പരാമർശം 3,4,5,6 പ്രകാരം ബന്ധപ്പെട്ട മേഖലാ ആഫീസുകളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, അനുബന്ധത്തിൽ പട്ടികപ്പെടുത്തും പ്രകാരം ബന്ധപ്പെട്ട മേഖലയിൽ പ്രശസ്തിയും 3 വർഷത്തിൽ കുറയാത്ത സേവന പാരമ്പര്യവും, മുൻവർഷങ്ങളിൽ മികച്ച റിസൽട്ട് സൃഷ്ടിച്ചിട്ടുള്ളതുമായ ചുവടെ ചേർക്കുന്ന 7 സ്ഥാപനങ്ങളെ "എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയും പദ്ധതി നടത്തിപ്പിനായി എംപാനൽ ചെയ്യും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ആസ്ഥാനം | ബ്രാഞ്ചുകൾ | കുറിപ്പ് |
|---|---|---|---|---|
| 1 | OUR Group of Institutions | Pathanamthitta | Adoor,Thiruvananthapuram, Kottayam,Ernakulam,Kozhikode | |
| 2 | S.K Education Service | Pathanamthitta | Adoor,Thiruvalla, Mavelikkara | |
| 3 | Quaxil Consultatnts Pvt Ltd | Thiruvananthapuram, | Irinjalakkuda, Chalakkudy | |
| 4 | NEXUS HALLS OF IVY | Kollam | | |
| 5 | Knack Enlight Education System | Kollam | Thiruvanathapuram, Attingal, Pathanamthitta,Kochi | |
| 6 | SARGAKSHETHRA CULTURAL CENTRE TRUST | Kottayam | Nil | |
| 7 | KAVITHA PRIVATE ITI | Alappuzha | Nil | |

മേൽപ്രകാരം എംപാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ഇ-ഗ്രാന്റ്സിൽ ഉൾപ്പെടുത്തുന്നതാണ്. ഇതിനു പുറമെ സർക്കാർ നിയന്ത്രണത്തിലുള്ള മേൽ പരിശീലനം നൽകുന്ന ODEPC(Overseas Development and Employment Promotion Consultant Ltd), Kerala Travels എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും ആനുകൂല്യം അനുവദിക്കുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ (എംപാനൽ+പൊതുമേഖലാസ്ഥാപനങ്ങൾ) പരിശീലനം നടത്തി വരുന്ന ഉദ്യോഗാർത്ഥികൾക്ക് മാത്രമാണ് ഇ.ഇ.പി പദ്ധതി പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു.

എംപാനൽമെന്റിന് സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്ന സ്ഥാപനങ്ങളിൽ നിന്നും തുടർന്നും അപേക്ഷകൾ ലഭ്യമാകുന്ന പക്ഷം ടി സ്ഥാപനങ്ങൾ നേരിൽ സന്ദർശിച്ച് പ്രസ്തുത സ്ഥാപനങ്ങളുടെ സേവനപാരമ്പര്യവും പ്രശസ്തിയും ബോധ്യപ്പെടുന്ന മുറയ്ക്ക് എംപാനൽഡ് പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

(ഒപ്പ്)
ഡയറക്ടർ

ഉള്ളടക്കം - സ്ഥാപനങ്ങളുടെ പട്ടിക

ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്
(പി.വി.വി.വ മേഖലാ ഓഫീസുകൾ മുഖേന)

പകർപ്പ് :

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി – പി.വി.വി.വ, (ഉപരിപത്രം സഹിതം)
2. അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരളം (ഉപരിപത്രം സഹിതം)

3. ഡയറക്ടർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശ മേൽ
4. എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, പി.വി.വി.വ
5. മാനേജർ, ഐ.ടി വിഭാഗം, പി.വി.വി.വ
6. കരുതൽ/അധികം

അംഗീകാരത്തോടെ

Signed by Rophin K R
Date: 08-11-2023 11:54:42
Reason: Approved
സീനിയർ സൂപ്രണ്ട്